65

# “പൗലൊസേ, നീ ചെയ്തതു എന്ത്?”

# (21:17- 26)

പ്രവൃത്തികളുടെ പുസ്തകത്തിലെ ഏറ്റവും സങ്കീർണ്ണമായ ഭാഗങ്ങളിൽ നാം ഇപ്പോൾ വന്നെത്തിയിരിക്കുന്നത്: യെരുശലേം ദൈവാലയത്തിലെ പാപയാഗങ്ങളിൽ പൗലൊസ് പങ്കെടുക്കുന്ന സംഭവമാണത് (21:17–26). പൗലൊസ് ഗലാത്യർക്കു ലേഖനം എഴുതിക്കഴിഞ്ഞതാണ്,[1] അതിൽ പറഞ്ഞു, “അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്നു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ, നമുക്കു ശിശുപാലകനായി ഭവിച്ചു വിശ്വാസം വന്ന ശേഷമോ, നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല” (ഗലാത്യർ 3:24, 25). അവൻ റോമർക്കു എഴുതിയിട്ടുണ്ട്,[2] അതിൽ അവൻ ഊന്നിപ്പറഞ്ഞു:

> അതുകൊണ്ടു, സഹോദരന്മാരേ, നാം ദൈവത്തിന്നു ഫലം കായ്ക്കുമാറു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവനായ, വേറൊരുവന്നു ആകേണ്ടതിന്നു നിങ്ങളും, ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു, ... (റോമർ 7:4).

> വിശ്വസിക്കുന്ന ഏവന്നും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു (റോമർ 10:4).

ക്രിസ്ത്യാനികൾ ന്യായപ്രമാണത്തിനധീനരല്ലെന്നും, വാസ്തവത്തിൽ ക്രിസ്ത്യാനികൾ “ക്രിസ്തുവിന്റെ ശരീരത്താൽ ന്യായപ്രമാണ സംബന്ധമായി മരിച്ചു” (KJV), “ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം എന്നും,” എഴുതിയ വ്യക്തി വീണ്ടും “കള്ളന്മാരുടെ ഒരു ഗൃഹത്തിൽ” പോയി അവരുടെ എട്ടു പാപയാഗങ്ങളിൽ[3] പങ്കെടുക്കുകയോ (മത്തായി 21:13; KJV)? ആഡം ക്ലാർക്ക് എന്ന വ്യാഖ്യാതാവ് നമ്മിൽ അനേകരിലും തോന്നിയേക്കാവുന്ന അന്ധാളിപ്പ് പ്രകടമാക്കുന്നുണ്ട്:

> എങ്ങനെയായാലും യാക്കൊബിന്റെയും മൂപ്പന്മാരുടേയും പൗലൊസിന്റെയും ഈ സന്ദർഭത്തിലെ വിവരണങ്ങൾ, നാം പരിഗണി

ക്കുമ്പോൾ, അവരുടെ സ്ഥിതി മനസ്സിലാക്കാൻ വളരെ പ്രയാസം നേരിടുന്നു. നമുക്കു മുഴുവനായി മനസ്സിലാക്കാത്ത ചിലതുണ്ടെന്നു തോന്നിപ്പോകും.[4]

ഒരു പണ്ഡിതനു ഈ കാര്യം മുഴുവൻ പൊരുത്തപ്പെടാത്തതും സംശയം മറച്ചു പിടിക്കാൻ കഴിയാത്തതുമാണ്:

> റോമർക്കും ഗലാത്യർക്കും ലേഖനങ്ങൾ എഴുതിയ ആൾ ഏഴു ദിവസം ദൈവാലത്തിന്നു പുറത്തുള്ള പ്രകാരത്തിൽ നിന്നു, ആ വിശ്വാസികളായ പുരോഹിതന്മാരുടേയും ലേവ്യരുടേയും നിർദ്ദിഷ്ടമായ വിഡ്ഢിത്തങ്ങൾക്കും, പ്രതിജ്ഞകൾ അടങ്ങുന്ന നൈപുണ്യത്തെ അനുവദിച്ച് അതിനു കീഴപ്പെട്ടതു വിശ്വസിക്കുന്ന ഒരാൾ കാൽവിന്റെ മരണക്കിടക്കയിലെ പരിശുദ്ധ ദൈവമാതാവിന്നു,[5] പ്രതിജ്ഞ ... ചെയ്തു സുവർണ്ണവസ്ത്രത്തിലും വിശ്വസിക്കാം.[6]

തീർച്ചയായും, പ്രവൃത്തികളുടെ ആത്മാർത്ഥരായില്ല ദൈവശ്വാസിയതയിലും വിശ്വസിക്കുന്ന നമുക്ക് പ്രവൃത്തികൾ 21:17–26 ലെ ചരിത്ര വസ്തുത നിഷേധിക്കാൻ സാദ്ധ്യമല്ല. പൗലൊസ് ചെയ്തതിലും അതെന്തുകൊണ്ടാണെന്നും എന്നതു മനസ്സിലാക്കുവാൻ നമുക്കു വിഷമം നേരിടും. ജി.കാംബെൽ മോർഗണെ പോലെയുള്ള,[7] ചിലർ, പൗലൊസിന്റെ പ്രവൃത്തികളിൽ കുറച്ചു പ്രതിരോധപരമായിട്ടാണ് കാണുന്നത്: “ഞാൻ കരുതുന്നതു പൗലൊസിനു അവന്റെ ശുശ്രൂഷകളിൽ ഈ അവസരത്തിൽ ഏറ്റവും വലിയ ഒരു തെറ്റു സംഭവിച്ചുവെന്നാണ്.” നേരെ മറിച്ച്, വേറെ ചിലർ പൗലൊസിന്റെ പെരുമാറ്റം ഉയർന്നതും പ്രശംസിക്കത്തക്കതും, അവൻ പഠിപ്പിച്ച എല്ലാ തത്വങ്ങൾക്കും പൂർണ്ണമായും യോജിക്കുന്നതാണെന്ന് കരുതുന്നു.

പൗലൊസിന്റെ ഈ സ്വഭാവത്തെ ലൂക്കൊസ് പ്രശംസിക്കയോ വിധിക്കുകയോ ചെയ്യാത്തതുകൊണ്ട്, നമുക്കു സൈദ്ധാന്തികമായി തീർപ്പു കല്പിക്കാവുന്നതല്ല.[8] എങ്ങനെയായാലും, നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കാവുന്ന തത്വങ്ങൾ ആ വേദഭാഗം നോക്കിയാൽ, വിലയുള്ളതായി കാണാം. ഈ പാഠത്തിൽ, പൗലൊസ് ചെയ്തതു വാസ്തവത്തിൽ *എന്തായിരുന്നു* എന്നു നാം മനസ്സിലാക്കും. അടുത്തതിൽ, അവൻ *എന്തുകൊണ്ട്* അതു ചെയ്തു എന്നു ചർച്ചചെയ്യും.

### തൃപ്തിപ്പെടുത്തുന്ന ഒരു സ്വീകരണം (21:17, 18)

പെന്തെക്കൊസ്തു പെരുനാളിനു കുറച്ചു ദിവസം മുൻപു, പൗലൊസും തന്റെ കൂട്ടുയാത്രക്കാരും യെരുശലേമിൽ എത്തുന്നതു മുതലാണ് നമ്മുടെ പുസ്തകം ആരംഭിക്കുന്നത്.[9] ലൂക്കൊസ് എഴുതി, “യെരുശലേമിൽ എത്തിയപ്പോൾ, സഹോദരന്മാർ ഞങ്ങളെ സന്തോഷത്തോടെ കൈകൊണ്ടു” (വാക്യം 17). “ഞങ്ങൾ” എന്നതിൽ ലൂക്കൊ സും, തിമൊഥെയൊസും, ചുരുങ്ങിയതു ജാതികളായിരുന്ന മറ്റു ആറു ക്രിസ്ത്യാനികളും ഉൾപ്പെടുന്നു (20:4, 5). “സഹോദരന്മാർ” ഒരു പക്ഷേ ആതിഥേ

യൻ, മ്നാസോസും (21:16), അവന്റെ വീട്ടിലെ സ്വാഗത കമ്മിറ്റിയും ഉൾപ്പെട്ടിരിക്കും.[10] അവരുടെ താല്പര്യപൂർവ്വമായ സ്വീകരണം ഒരു പക്ഷേ പൗലൊസിന്റെ ഉൽക്കണ്ഠ ദൂരീകരിക്കുന്നതാണ് (റോമർ 15:30, 31 നോക്കുക). എൻ.ഐ.വി യിൽ "സഹോദരന്മാർ ഞങ്ങളെ ഊഷ്മളമായി സ്വീകരിച്ചു എന്നാണ്."

അടുത്ത ദിവസം, യെരുശലേം സഭയിലെ നായകന്മാരെ കാണുവാൻ പൗലൊസും കൂടെയുള്ളവരും പദ്ധതിയിട്ടിരുന്നു. ആ മീറ്റിങ് സ്പഷ്ടമായും യേശുവിന്റെ അർദ്ധ-സഹോദരനായ, യാക്കൊബിന്റെ വീട്ടിൽ ആയിരുന്നു,[11] അവനെ യെരുശലേം സഭയുടെ തൂണായി കണക്കാക്കിയിരുന്നു (ഗലാത്യർ 2:9). വാക്യം 18 പറയുന്നു, "പിറ്റെന്നു പൗലൊസും ഞങ്ങളും യാക്കൊബിന്റെ[12] അടുക്കൽ പോയി, മൂപ്പന്മാരും എല്ലാം അവിടെ വന്നുകൂടി."

"മൂപ്പന്മാരും എല്ലാം" എന്ന പദപ്രയോഗം ശ്രദ്ധിക്കുക. പ്രവൃത്തികളുടെ പഠനത്തിൽ നിന്നും, താല്ക്കാലിക അപ്പൊസ്തലന്മാരുടെ - നായകത്വത്തിൽ നിന്നു മൂപ്പന്മാരുടെ - സ്ഥിരമായ - നായകത്വത്തിലേക്കു മാറുന്നതായി നാം കണ്ടു കഴിഞ്ഞു. ആദ്യം നാം "അപ്പൊസ്തലന്മാരെ" കുറിച്ച് വായിക്കുന്നു (2:42; 4:35, 37; 5:2; 8:1, 14; 9:27), പിന്നെ "അപ്പൊസ്തലന്മാരെയും മൂപ്പന്മാരെയും" കുറിച്ചു വായിക്കുന്നു (15:2, 4, 6, 22, 23; 16:4), ഇപ്പോൾ "മൂപ്പന്മാരെ" കുറിച്ചു വായിക്കുന്നു (21:18; കൂടാതെ 14:23; 20:17). പ്രാരംഭ അപ്പൊസ്തലന്മാരിൽ ആരെങ്കിലും ഈ സമയത്തു യെരുശലേമിൽ ഉണ്ടായിരുന്നോ ഇല്ലയോ എന്നു, നമുക്കറിഞ്ഞുകൂടാ. ഒരുപക്ഷേ മറ്റു സ്ഥലങ്ങളിൽ അവർ അവരുടെ ദൗത്യം നിറവേറ്റുകയായിരുന്നിരിക്കാം (മത്തായി 28:19; പ്രവൃത്തികൾ 1:8).[13] എങ്ങനെയായാലും, സഭയുടെ മേൽനോട്ടം മൂപ്പന്മാരുടെ കൈകളിലേക്ക് മാറി.

"യാക്കൊബും, എല്ലാ മൂപ്പന്മാരും" എന്ന പ്രയോഗം യാക്കൊബ് മൂപ്പന്മാരിൽ ഒരാളായിരുന്നില്ല എന്നർത്ഥമാക്കുന്നില്ല. അതു യാക്കൊബ് യെരുശലേം സഭയിലെ "അദ്ധ്യക്ഷൻ," ഒരു ഇടവകയുടെ അധികാരിയായി ആയിരുന്നു എന്നും തെളിയിക്കുന്നില്ല, "മൂപ്പന്മാർ" എന്നതിനു പകരം, രണ്ടാം സ്ഥാന ശുശ്രൂഷ നടത്തിയിരുന്നേക്കാം. എ.സി. ഹെർവേ പ്രവൃത്തികൾ 21:18 നെ കുറിച്ച് തെറ്റായ അഭിപ്രായം പറഞ്ഞതിൽ നിന്നു ഒരു വൈക്കോൽ തുരുമ്പു ലഭിക്കാം:

> പൗലൊസ് യാക്കൊബിനെ സന്ദർശിച്ചു എന്നു പറയുന്നതിനേക്കാൾ അവൻ യെരുശലേം സഭയിലെ ബിഷപ്പായിരുന്നു എന്നതു കൂടുതൽ പ്രത്യേകമായി പറയുന്ന ഒന്നായിരിക്കയില്ല മറ്റൊന്നും, യെരുശലേമിലെ മറ്റെല്ലാ മൂപ്പന്മാരും അവന്നു ചുറ്റുമായും കാണപ്പെട്ടു. ബിഷപ്പുമാരുടെ ഔദ്യോഗികഭരണത്തിനു ഇതൊരു പ്രത്യേകമായ തെളി വാണ്.[14]

നേതൃത്വത്തെക്കുറിച്ച് പുതിയ നിയമ ഉപദേശം ചർച്ച് ഓഫ് ഇംഗ്ലണ്ട് ശരിയായി മനസ്സിലാക്കാതെയാണ് ഈ വാക്കുകൾ വ്യാഖ്യാനിച്ചിരിക്കുന്നത്. നാം പ്രവൃത്തികൾ 20:17, 28 പഠിച്ചപ്പോൾ, "മൂപ്പന്മാർ" "അദ്ധ്യക്ഷ

ന്മാർ" എന്നീ വാക്കുകൾ ഒരേ ഔദ്യോഗിക പ്രവൃത്തിയെ/ജോലിയെ മാറ്റി മാറി ഉപയോഗിച്ചിരിക്കുന്നതാണ് പുതിയ നിയമ കാലയളവിൽ. വളരെ നാൾ കഴിഞ്ഞ് മിസ്റ്റർ ഹെർവേ പ്രവൃത്തികൾ 21:18 വായിച്ച് വളർത്തിയെടുത്തതാണ് സ്ഥാനികളുടെ അധികാര വ്യവസ്ഥ.

യാക്കോബിനെയും മുപ്പന്മാരേയും ലൂക്കൊസ് വേർതിരിച്ചു കാണിച്ചില്ല എന്നു ഞാൻ കുറിച്ചോട്ടെ.[15] ഞാനായിരുന്നു എഴുതിയതെങ്കിൽ, "ഞാൻ മൂപ്പന്മാരിൽ ഒരാളുടെ വീട്ടിൽ പോയപ്പോൾ, അവിടെ മറ്റെല്ലാ മൂപ്പന്മാരും ഉണ്ടായിരുന്നു" എന്നെഴുതും, അപ്പോൾ ആദ്യം പറഞ്ഞ മൂപ്പൻ മറ്റു മൂപ്പന്മാരുടെ ഗണത്തിൽ പെടുകയില്ല എന്നു തീർച്ചയാകും. ഒരു പക്ഷേ, ഇതായിരിക്കും പ്രവൃത്തികൾ 21:18-ൽ. മാർക്ക് ബ്ലാക്ക്, "യാക്കൊബും *മറ്റു* മൂപ്പന്മാരും" എന്നു സൂചിപ്പിച്ചതിനോടു ഞാൻ യോജിക്കുന്നു.[16]

ഒരു എതിർവാദം ഞാൻ കേട്ടിട്ടുണ്ട്: "യാക്കൊബ് മൂപ്പന്മാരിൽ ഒരാൾ മാത്രമാണെങ്കിൽ, അദ്ദേഹത്തിന്റെ പേർമാത്രം എടുത്തു പറയാൻ കാരണമെന്ത്?" കാരണം അതു അദ്ദേഹത്തിന്റെ ഭവനമായിരുന്നു, പിന്നെ അദ്ദേഹത്തെ എല്ലാവരും അറിയുകയും ബഹുമാനിക്കപ്പെടുകയും ചെയ്തിരുന്നു. വീണ്ടും ഒരിക്കലും, യാക്കൊബിന്റെ പേർ ഒറ്റക്കു പറഞ്ഞിട്ടില്ല എന്നു ശ്രദ്ധിക്കുക. വാക്യങ്ങൾ 19 മുതൽ 25 വരെ, യോജിച്ച സർവ്വ നാമങ്ങളാണ് ("അവർ," "അവരെ," മുതലായവ). എല്ലായിപ്പോഴും, *എല്ലാ* മൂപ്പന്മാരെയും സൂചിപ്പിക്കുന്നതിനു ഉപയോഗിച്ചിരിക്കുന്നത്.

ലൂക്കൊസിന്റെ പോയിന്റ് എന്തെന്നാൽ പൗലൊസ് "*എല്ലാ* മൂപ്പന്മാരോടൊത്ത് ആയിരുന്നു" എന്നാണ്. *എല്ലാ* മൂപ്പന്മാരും സന്നിഹിതരായിരുന്നു എന്നും ചില പ്രശ്നങ്ങൾ പരിഹരിച്ച് ഉറപ്പിക്കുന്നതിനു – മൂപ്പന്മാർ *മാത്രമായിരുന്നു* ഉണ്ടായിരുന്നത് എന്നതും പ്രാധാന്യമർഹിക്കുന്നു.[17]

പൗലൊസ് മൂപ്പന്മാരുടെ സന്നിധിയിലേക്കു ചെന്നപ്പോൾ, വെറുതെ "അവരെ വന്ദനം ചെയ്തു" എന്നു മാത്രമെ ലൂക്കൊസ് പറയുന്നുള്ളു (വാക്യം 19). ലൂക്കൊസ് ആരംഭം വൈകിക്കുന്നില്ല,[18] എന്നാൽ ആ സന്ദർഭം ഉയർന്ന പ്രാധാന്യമുള്ളതായിരുന്നു. യെരുശലേമിലെ അനേക മൂപ്പന്മാരും, ആദ്യമായിട്ടായിരിക്കും അവരുടെ ജാതികളിൽ നിന്നു വന്ന ക്രിസ്ത്യാനികളെ ആലിംഗനം ചെയ്യുന്നത്. പൗലൊസും അവന്റെ ജാതികളിൽ നിന്നുള്ള കൂട്ടുകാരും തങ്ങളുടെ യെഹൂദമൂപ്പന്മാരുടെ "കാൽക്കൽ" സ്നേഹ വഴിപാട് സമർപ്പിച്ച അവസരമാകാമത് (4:35 നോക്കുക). ഒരു പൊതുവായ പ്രതികരണമായിരുന്നു (21:20), ആ ധർമ്മ ശേഖരം അവർ നല്ല മനസ്സോടെ സ്വീകരിച്ചു എന്നു നാം കരുതുന്നു.[19]

### ഉയർത്തുന്ന വിവരം (21:19)

അടുത്തത്, പൗലൊസ് "അവരെ വന്ദനം ചെയ്തു തന്റെ ശുശ്രൂഷയാൽ ദൈവം ജാതികളുടെ ഇടയിൽ ചെയ്യിച്ചത് ഓരോന്നായി വിവരിച്ചു പറഞ്ഞു" (വാക്യം 19). ജാതികൾക്കിടയിലെ തന്റെ നേട്ടം പൗലൊസ് വിവരിക്കുമ്പോൾ തന്റെ രീതിയനുസരിച്ചു നല്ലൊരു സമയം എടുത്തു

എന്നാണ് ഗ്രീക്കും ഇംഗ്ലീഷും വ്യക്തമാക്കുന്നത്.[20] സാധാരണപോലെ, തന്റെ എല്ലാ നേട്ടങ്ങൾക്കും അവൻ ദൈവത്തിനു പ്രശംസയർപ്പിച്ചു. പൗലൊസ് ഇങ്ങനെ ചെയ്തതു ദൈവത്തിനു മഹത്വം കൊടുപ്പാനും തന്റെ ശുശ്രൂഷ ദൈവത്താൽ അംഗീകരിച്ചതാണെന്നു ബോധ്യപ്പെടുത്തുന്നതിനുമായിരുന്നു. യെരുശലേമിലെ മൂപ്പന്മാരോട് പൗലൊസ് വിവരിക്കുന്നത് ഇതാദ്യമായിട്ടല്ല (15:4). ഈ സമയത്ത്, എങ്ങനെയാ യാലും, തന്റെ ശുശ്രൂഷയുടെ തെളിവായ ഫലവുമായാണ് അവൻ വന്നത്: തന്നോടുകൂടെ വന്നതായ കരുത്തരായ ജാതികളിൽ നിന്നു വന്ന സഹോദരന്മാരെ അവനു ചൂണ്ടികാണിക്കുവാൻ കഴിഞ്ഞു.

ധർമ്മശേഖരം നല്കയും, പൗലൊസിന്റെ വിവരങ്ങളും, തന്റെ മൂന്നാമത്തെ യാത്ര വിജയകരമാക്കി പൂർത്തിയാക്കിയെന്നു വ്യക്തമാക്കുന്നു. പൗലൊസിന്റെ പ്രസിദ്ധമായ "മൂന്നു മിഷണറിയാത്ര" യുടെ അവസാനമായി എന്നു ആ സന്ദർഭം കുറിക്കുന്നു. റോമാ സാമ്രാജ്യത്തിന്റെ കിഴക്ക് പകുതിയോളം ആയിരക്കണക്കിനു മൈലുകൾ പൗലൊസ് യാത്ര ചെയ്തു പത്തിലധികം വർഷം ചെലവഴിച്ചു, എല്ലായിടത്തും മുഖ്യ പട്ടണങ്ങളിൽ ഇടവകകളും സ്ഥാപിക്കയുമായി! തന്റെ ശുശ്രൂഷ ആരംഭിച്ചിട്ട് ഒരു പുതിയ മുഖത്ത് അനുഭവപ്പെട്ട അനുഭൂതിയുടെ നിമി ഷമായിരുന്നു അത്.

### ദു:ഖിപ്പിക്കുന്ന ഒരു പ്രതികരണം (21:20-22)

അവന്റെ വിവരണത്തിൽ ആദ്യം മൂപ്പന്മാർ പ്രതികരിച്ചതു സന്തോഷിപ്പിച്ചിരിക്കണം, പിന്നെ പൗലൊസിന്റെ ഹൃദയത്തെ ദു:ഖിപ്പിച്ചു. ആദ്യം, "അവർ കേട്ടു ദൈവത്തെ മഹത്വപ്പെടുത്തി" (വാക്യം 20). അവരുടെ ആരംഭപ്രതികരണങ്ങൾ പല വസ്തുതകൾ പുറത്തുവരുന്നു: (1) പൗലൊസ് ചെയ്തതിൽ ദൈവത്തിന്റെ കരം ഉണ്ടെന്ന് അവർ കാണുന്നു, (2) അവർ പൗലൊസിനെയല്ല, ദൈവത്തെ മഹത്വപ്പെടുത്തി. (3) ഉപയോഗിച്ചകാലം സൂചിപ്പിക്കുന്നതു അവർ പുകഴ്ച്ച തുടർച്ചയായി കുറെനാൾ നടത്തിക്കൊണ്ടിരുന്നു എന്നാണ്. ഞാൻ ഊഹിക്കുന്നത് പൗലൊസും ജാതികളായിരുന്ന സഹോദരന്മാരും ആഹ്ലാദിച്ചിരുന്നു എന്നാണ്; അവരുടെ മുഖത്തെ പുഞ്ചിരി എനിക്കു കാണാൻ കഴിയും.

പൗലൊസിനോടുള്ള മൂപ്പന്മാരുടെ ആദ്യ വാക്കുകൾ പ്രോത്സാഹനപ്പെടുത്തുന്നതായിരുന്നു. "നോക്കു, സഹോദരാ," അവർ തുടർന്നു, "സഹോദരൻ" എന്നു അവരുടെ ഉപയോഗം നല്ലൊരു അടയാളമായിരുന്നു. "സഹോദരാ, യെഹൂദന്മാരുടെ ഇടയിൽ വിശ്വസിച്ചിരിക്കുന്നവർ എത്ര ആയിരം[21] ഉണ്ടെന്നു, നീ കാണുന്നുവല്ലൊ"[22] (വാക്യം 20). ദൈവം ജാതികളുടെ ഇടയിൽ മാത്രമല്ല, യെഹൂദന്മാരുടെ ഇടയിലും പ്രവർത്തിച്ചിരുന്നു എന്നു പൗലൊസിനെ അറിയിക്കാൻ അവർ ആഗ്രഹിച്ചു, തൊട്ടു മുൻപു പൗലൊസ് തനിക്കു തന്റെ സഹപൗരന്മാരോടുള്ള കരുതൽ എഴുതി അയച്ചിരുന്നു (റോമർ 9:1–3). ആയിരക്കണക്കിനു യെഹൂദന്മാർ വർദ്ധിച്ചു ക്രിസ്ത്യാനികളായി തീർന്നു എന്നു കേട്ടപ്പോൾ പൗലോസിന്റെ ഹൃദയം തുള്ളിച്ചാടാൻ തുടങ്ങി.

അധികം താമസിയാതെ വിമാനത്തകർച്ചപോലെ അവൻ ഭൂമിയി

ലേക്ക് എന്നപോലെ വന്നു – കാരണം മൂപ്പന്മാർ ആ ക്രിയാത്മക ചിന്തയിൽ അവസാനിപ്പിച്ചില്ല. നിങ്ങളിൽ മിക്കപേർക്കും പൗലൊസിനെ തിരിച്ചറിയാൻ കഴിയും. ഒരു പക്ഷേ നിങ്ങൾ വലിയ ആശയം എന്നുകരുതി അവതരിപ്പിച്ചതാണ്. നിങ്ങളുടെ വിശ്വാസം ആദ്യം ക്രിയാത്മകമായിതന്നെ പ്രതികരിച്ചപ്പോൾ, നിങ്ങൾ സന്തോഷഭരിതനായി. പിന്നെയാണ് "എന്നാൽ" എന്നു കേട്ടപ്പോൾ, നിങ്ങൾ നിരുത്സാഹപ്പെടും. മൂപ്പന്മാർ അവരുടെ മറുപടിയിൽ "എന്നാൽ" എന്ന വാക്ക് ഉപയോഗിച്ചില്ല, എന്നാൽ അതുപോലെ നന്നായി ഉപയോഗിച്ചേക്കാം.[23]

മൂപ്പന്മാർ തുടർന്നു: "അവർ എല്ലാവരും [ആയിരക്കണക്കിനു യെഹൂദക്രിസ്ത്യാനികൾ] ന്യായപ്രമാണ തല്പരർ ആകുന്നു" (വാക്യം 20). ആ വാക്കുകൾ പൗലൊസിനു അസ്വസ്ഥത ജനിപ്പിച്ചിരിക്കും. ന്യായപ്രമാണ തല്പരർ എന്നാലെന്താണെന്ന് പൗലൊസിന് അറി യാം. അവൻ നന്നായി പഠിക്കുന്നതിനു മുൻപ് ന്യായപ്രമാണത്തിന്റെ എരിവുള്ളവനായിരുന്നു (ഗലാത്യർ 1:14; ഫിലിപ്പിയർ 3:5–9). പരീശന്മാരിൽ നിന്നും "പരിവർത്തനം ചെയ്യപ്പെട്ടവർ" മുൻപു പ്രശ്നമുണ്ടാക്കിയവർ ന്യായപ്രമാണത്തിൽ എരിയുന്നവർ ആയിരുന്നു (പ്രവൃത്തികൾ 15:5). പൗലൊസ് ഒരു പക്ഷേ അതിശയിച്ചിരിക്കാം, "ഇതും ഞാൻ ജാതികൾക്കിടയിൽ പ്രവർത്തിച്ചതും യെരുശലേമിലേക്കുള്ള എന്റെ വരവും തമ്മിൽ എന്തു ബന്ധമാണുള്ളത്?"

പൗലൊസിനെക്കുറിച്ചു കേട്ട കിംവദന്തികൾ മൂപ്പന്മാർ പറഞ്ഞു. കിംവദന്തികൾ ഗൂഢമായി പറയുന്നതാണ്. ഷെയ്ക്സ്പിയർ അവയെ "മോശമായ കുശുകുശുക്കൽ"[24] എന്നു പറയുകയുണ്ടായി. കുതിര വളർത്തുകാരൻ തന്റെ വേഗതയുള്ള കുതിരക്കു "റൂമേഴ്സ്" എന്നു പേരിട്ടു. ആ കുതിരക്കു ഈ പ്രത്യേക പേർ ഇടാൻ കാരണം ചോദിച്ചപ്പോൾ, അയാൾ പറഞ്ഞു, "കാരണം കിംവദന്തികൾ പെട്ടെന്നു പരക്കും." പൗലൊസിനെക്കുറിച്ചു വളരെ വേഗത്തിലും ദൂരത്തിലും പരന്ന കിംവദന്തി ഇതാണ്: "മക്കളെ പരിച്ഛേദന ചെയ്യരുത് എന്നും നമ്മുടെ മര്യാദ അനുസരിച്ചു നടക്കരുത് എന്നും, നീ ജാതികളുടെ ഇടയിലുള്ള [സകല യെഹൂദന്മാരോടും പറഞ്ഞു മോശെയെ ഉപേക്ഷിച്ചു കളവാൻ] ഉപദേശിക്കുന്നു[25] എന്നു, അവർ നിന്നെക്കുറിച്ചു ധരിച്ചിരിക്കുന്നു" (വാക്യം 21).

മിക്ക കിംവദന്തികളെപോലെ, ഇതിലും സത്യത്തിന്റെ ഒരു കണിക ഉണ്ടെങ്കിലും അതിന്റെ അന്തസത്ത തെറ്റായിരുന്നു. യെഹൂദനോ ജാതിയിൽപെട്ടവനോ, ആരും തന്നെ ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുകയില്ല എന്നു, പൗലൊസ് ഊന്നിപ്പറഞ്ഞു (റോമർ 3:20; ഗലാത്യർ 2:16; 3:11; 5:4) രക്ഷക്കു പരിച്ഛേദനയുമായി ഒരു ബന്ധവുമില്ല എന്നും പറഞ്ഞു (റോമർ 2:25–29; ഗലാത്യർ 5:6); എന്നാൽ യെഹൂദന്മാരെ അവരുടെ യെഹൂദമതം ഉപേക്ഷിക്കുവാൻ പൗലൊസ് യോഗം ഒന്നും സംഘടിപ്പി*ച്ചില്ല*.[26]

എന്നാൽ അവരുടെ "സമ്പ്രദായങ്ങളെ" സംബന്ധിച്ച്, അവ സത്യത്തിനെതിരല്ലെങ്കിൽ യെഹൂദ ക്രിസ്ത്യാനികൾ അവ ആചരിക്കുന്നതിൽ പൗലൊസ് എതിർത്തിരുന്നില്ല (മത്തായി 15:3 നോക്കുക) തന്നെയുമല്ല അത്തരം സമ്പ്രദായങ്ങൾ ജാതികളിൽ അടിച്ചേല്പിക്കുന്നില്ലെങ്കിൽ അവനു എതിർപ്പില്ലായിരുന്നു.[27] പരിച്ഛേദന സംബന്ധിച്ചു, യെഹൂദ

ന്മാർക്ക് ഇടർച്ച വരുത്താതിരിപ്പാൻ തിമൊഥെയൊസിനെ പരിഛേദന കഴിപ്പിക്കയുണ്ടായി (പ്രവൃത്തികൾ 16:3[28]). അവിശ്വാസികളായ യെഹൂദന്മാരെക്കുറിച്ചു അവന്റെ നയം "യെഹൂദന്മാരെ നേടേണ്ടതിന്നു, ഞാൻ യെഹൂദന്മാർക്കു യെഹൂദനെപ്പോലെ ആയി; ന്യായപ്രമാണത്തിൽ കീഴുള്ളവരെ നേടേണ്ടതിന്നു, ന്യായപ്രമാണത്തിൻ കീഴിലുള്ളവരെ പോലെ ആയി, ... ന്യായപ്രമാണത്തിനുള്ളവരെ നേടേണ്ടതിന്ന്" (1 കൊരിന്ത്യർ 9:20).

കിംവദന്തി അസത്യമായിരുന്നു – മൂപ്പന്മാർ അതു സത്യമല്ലെന്നു *അറിഞ്ഞിരുന്നു.*[29] എന്നിട്ടും, മൂപ്പന്മാർ അതു കണ്ടതു പോലെയാണ് നിരത്തിയത്: "ആകയാൽ, എന്താകുന്നു, ചെയ്യേണ്ടത്? നീ വന്നിട്ടുണ്ടെന്ന് അവർ കേൾക്കും നിശ്ചയം" (വാക്യം 22).[30] "അവർ" എന്നതിന്റെ പൂർവ്വഗാമികൾ യെരുശലേമിൽ സന്നിഹിതരായ യെഹൂദ വിശ്വാസികൾ ആകുന്നു (വാക്യം 20). ആഴ്ച്ച വട്ടത്തിന്റെ ഒന്നാംനാൾ വരാനിരിക്കുന്ന, പെന്തെക്കൊസ്തുനാൾ, ആസന്നമായിരുന്നു, ഒരു പക്ഷേ മണിക്കൂറുകൾ മാത്രം അകലെ. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ വന്നപ്പോൾ, എല്ലാ ക്രിസ്ത്യാനികളും അപ്പം നുറുക്കുവാൻ കൂടി വന്നു (20:7[31]). മൂപ്പന്മാർ ചോദിച്ചു, "ഈ ആയിരക്കണക്കിനു കൂടി വരുമ്പോൾ, അല്ലെങ്കിൽ തന്നെ അവർ കേട്ട കാര്യങ്ങൾവെച്ചു പ്രക്ഷുബ്ധരായിരിക്കയാണ്, അപ്പോൾ അവർ പൗലൊസിനെയും അവന്റെ ജാതികളിൽപെട്ട സ്നേഹിതരേയും കണ്ടാലോ, നമുക്ക് എങ്ങനെ മുൻകോപികൾ അക്രമം അഴിച്ചു വിടുന്നത് ഒഴിവാക്കാം?"

"പിന്നെ, എന്താണ്, ചെയ്യുക?" എന്നു മൂപ്പന്മാർ ദൈവത്തോടു ചോദിക്കുവാൻ ഏറ്റവും അനുയോജ്യ സമയം ഇതു തന്നെയാണ്. അവർ ചെയ്തതിന്റെ സൂചന ഒന്നും ഇല്ല. അവർ എന്തു ചെയ്യണമെന്നാണ് *അവൻ* വിചാരിക്കുന്നതെന്ന് അവനോട് ചോദിക്കാമായിരുന്നെങ്കിലും, അവർ ചോദിച്ചില്ല.[32]

"പിന്നെ, എന്താണ്, ചെയ്യുക?" എന്ന് അവർ എന്നോടാണ് ചോദിച്ചിരുന്നെങ്കിൽ, ദൈവത്താൽ നിയമിക്കപ്പെട്ട – മൂപ്പന്മാരുടെ പ്രവൃത്തി ചെയ്യാൻ തുടങ്ങുക എന്ന് പറയുവാൻ ഞാൻ പരീക്ഷിക്കപ്പെട്ടേനെ! ജോൺ വെസ്ലി ഇതേ അഭിപ്രായം പറയുകയുണ്ടായി, "ഞാൻ മോശെയുടെ ന്യായപ്രമാണം ആചരിക്കുന്നില്ല: പത്രൊസും അനുസരിക്കുന്നില്ല; അതുകൊണ്ടു നിങ്ങളും അനുസരിക്കണ്ട എന്നു യാക്കൊബ് പറയണമായിരുന്നു!"[33] ഐലോയിഡ് ഒജിൽവി മൂപ്പന്മാരുടെ നേതൃത്വപോരായ്മയെ അത്ഭുതത്തോടെ വെളിപ്പെടുത്തി, "ആരും പറഞ്ഞില്ല, 'അതു മതി! നാം നമ്മുടെ സഹോദരനായ പൗലൊസിനെ വിശ്വസിക്കുന്നു, കൂടാതെ കിംവദന്തികൾ തെറ്റാണെന്നും നമുക്കറിയാം. അവന്റെ ശുശ്രൂഷയെ ആരും ഇനി വിമർശിക്കരുത്. നാം യോജിക്കുന്നത് അപ്പൊസ്തലൻ വിശ്വസ്തതയോടെ ചെയ്തിരിക്കുന്നു എന്ന് ആരും പറഞ്ഞില്ല'?"[34]

## ഞെട്ടിക്കുന്ന ഒരു ശുപാർശ (21:23-25)

മൂപ്പന്മാർ അവരുടെ ചോദ്യം ഒരഭ്യർത്ഥന കൊടുക്കുന്നതായിരുന്നില്ല, എന്നാൽ അതു മുൻപു ചർച്ച ചെയ്തു ഒരു തീരുമാനത്തിലെ

ത്തിയിട്ടാണ് യാക്കൊബിന്റെ വീട്ടിലെത്തിയിരിക്കുന്നത്. അവരുടെ "പരിഹാരം" അവർക്ക് ഇതിൽ ഒന്നും ചെയ്യാനില്ല, എന്നാൽ *പൗലൊസ്* ആണ് ഈ കാര്യം കൈകാര്യം ചെയ്യേണ്ടത്. അവർ അവനോട് പറ ഞ്ഞു, "ഞങ്ങൾ നിന്നോടു ഈ പറയുന്നതു ചെയ്ക" (വാക്യം 23). അവർ നിർദ്ദേശിക്കുകയായിരുന്നില്ല; അവർ കല്പിക്കയായിരുന്നു.[35]

അവരുടെ ആജ്ഞാ സ്വഭാവമുള്ള "ശുപാർശ" ഇതായിരുന്നു: "നേർച്ചയുള്ള നാലു പുരുഷന്മാർ ഞങ്ങളുടെ ഇടയിൽ ഉണ്ട്; അവരെ കൂട്ടികൊണ്ട് അവരോടുകൂടെ നിന്നെ ശുദ്ധിവരുത്തി അവരുടെ തല ക്ഷൗരം ചെയ്യേണ്ടതിനു അവർക്കു വേണ്ടി ചെലവു ചെയ്ക എന്നാൽ നിന്നെക്കൊണ്ടു കേട്ടതു ഉള്ളതല്ല എന്നും, നീയും ന്യായപ്രമാണത്തെ ആചരിച്ചു ക്രമമായി നടക്കുന്നവൻ എന്നും എല്ലാവരും അറിയും" (വാക്യങ്ങൾ 23, 24). നാലു പുരുഷന്മാരെന്നു പറഞ്ഞിരിക്കുന്നു, യെരുശലേം സഭയിലെ അംഗങ്ങൾ ആകാനാണ് സാധ്യത എന്നു കരുതുന്നു.[36] നേർച്ച ഇവിടെ സൂചിപ്പിച്ചത് പൊതുവിൽ നാസറീൻ വ്രതമാണെന്ന് കരുതപ്പെടുന്നു, കാരണം ഈ പുരുഷന്മാർ തലകൾ ക്ഷൗരം ചെയ്യുന്നു.[37]

വേർപാടും സമർപ്പണവും ഉൾപ്പെടുന്നതാണ് നാസറീൻ വ്രതം. അതു മുപ്പതു ദിവസം മുതൽ ആയുഷ്ക്കാലം വരെ എടുക്കാം.[38] ഈ നേർച്ചയുള്ളവർ തല ക്ഷൗരം ചെയ്യാൻ പാടില്ല, മുന്തിരിയിൽ നിന്നു ഉല്പാദിപ്പിക്കുന്ന എല്ലാം വർജ്ജിക്കയും വേണം, മൃതശരീരങ്ങളിൽ നിന്നകലുകയും വേണ്ടിയിരുന്നു (സംഖ്യാപുസ്തകം 6:2–8). നമ്മുടെ വേദഭാഗത്തിലെ 26–ാം വാക്യത്തിൽ "ശുദ്ധീകരണ കാലമെന്നും" 27–ാം വാക്യത്തിൽ "ഏഴുദിവസം" എന്നും പറഞ്ഞിരിക്കകൊണ്ട്, അധികം പേരും വിചാരിക്കുന്നതു ആ നാലു പേർ മൃതശരീരം സ്പർശിച്ച് അശുദ്ധരായി എന്നാണ്, അതിന് ഏഴു - ദിവസം ശുദ്ധീകരണ സമയമാണു ആവശ്യം, അതിനുശേഷം അവരുടെ തലകൾ ക്ഷൗരം ചെയ്തു അവരുടെ നേർച്ച വീണ്ടും ആരംഭിക്കണം (സംഖ്യാപുസ്തകം 6:9–12). ആ ശുദ്ധീകരണ സമയത്ത് ജോലിയിൽ നിന്നു വിട്ടുനില്ക്കൽ, യാഗങ്ങൾക്കുള്ള പണച്ചെലവു എന്നിവ ഉൾപ്പെടുന്നു. ഇതിനെല്ലാം വേണ്ടിവരുന്ന ചെലവുകൾക്കുള്ള ഉത്തരവാദിത്വം പൗലൊസിനാണ് എന്നത്രെ മൂപ്പന്മാർ പറഞ്ഞത്.[39]

പൗലൊസിന്റെ സ്വന്തം ശുദ്ധീകരണമാണെങ്കിൽ അവന്നു ദൈവാലയത്തിൽ പ്രവേശിക്കുന്നതിനു ഒരു പക്ഷേ നിസ്സാരമായ ശുദ്ധീകരണം മതിയാകും.[40] അതേ സമയം ആ നാലു പേരോടൊപ്പം ശുദ്ധീകരണ നടപടിയിൽ പങ്കുചേരുക എന്നതു (മൂപ്പന്മാരുടെ മനസ്സിൽ) പൗലൊസിന്റെ കൂടുതലായ ന്യായപ്രമാണത്തോടുള്ള സമർപ്പണമാണ് കാണിക്കുന്നത്.

ആ നേർച്ചയുടെ ആഴത്തിൽ ഇറങ്ങി മുങ്ങിത്തപ്പുകയോ അഥവാ പ്രവൃത്തികൾ 21:23–27 വരെ വാസ്തവത്തിൽ സംഭവിച്ചതിന്റെ വിശദാംശമോ ആരായമോ ആവശ്യമില്ല.[41] പഠനം തെളിയിക്കുന്നത്, നാസറീൻ വ്രതത്തിൽ അടങ്ങിയിരിക്കുന്ന മുഖ്യകാര്യങ്ങൾ യാഗങ്ങളാണ്, *പാപയാഗങ്ങൾ* ആകാം: ഒരാൾ തന്നെത്താൻ ശുദ്ധീകരിച്ച ശേഷം, തന്റെ വ്രതം ആരംഭിക്കുവാൻ രണ്ടു കുറുപ്രാക്കളെയോ അല്ലെങ്കിൽ പ്രാവുകളെയോ പുരോഹിതന്റെ അടുക്കൽ കൊണ്ടുവരികയും, പുരോഹിതൻ

അവയിൽ "ഒന്ന് *പാപയാഗത്തിലും* മറ്റൊന്ന് ദഹനയാഗത്തിനും" "അവന്റെ *പാപങ്ങൾക്കു* പ്രായശ്ചിത്തമായി അവ *അർപ്പിക്കേണം*" (സംഖ്യാപുസ്തകം 6:11; എംഫസിസ് മൈൻ). ഒരാൾ തന്റെ നേർച്ച പൂർത്തിയാക്കിയാൽ, മറ്റു യാഗങ്ങളോടൊപ്പം അവൻ ഒരു ഊനമില്ലാത്ത "ഒരു വയസ്സുമാത്രം പ്രായമുള്ള പെണ്ണാ - ടിനെ കൊണ്ടുവന്നു *പാപ യാഗമായി* അർപ്പിക്കേണം" (സംഖ്യാപുസ്തകം 6:14; എംഫസിസ് മൈൻ).

ആ നാലു പുരുഷന്മാരുടെ ചെലവുകൾ വഹിക്കുവാൻ മൂപ്പന്മാർ പൗലൊസിനോട് "ഉപദേശിച്ച" ശേഷം, മൂപ്പന്മാർ പറഞ്ഞു, "എന്നാൽ നിന്നെ കുറിച്ച് കേട്ടതു ഉള്ളതല്ല എന്നു നീയും, ന്യായപ്രമാണത്തെ ക്രമ മായി നടക്കുന്നവൻ, എന്നും എല്ലാവരും അറിയും" (വാക്യം 24). "ന്യായ പ്രമാണം ആചരിക്കുന്നതിനെക്കുറിച്ച്" അവനും മറ്റു മൂപ്പന്മാരും പറ ഞ്ഞപ്പോൾ യാക്കോബിന്റെ മുഖത്ത് ചെറിയൊരു ജാള്യത ഉണ്ടായി രുന്നോ? എട്ടോ അതിലധികം വർഷങ്ങൾക്കു മുമ്പ്, യെരുശലേമിലെ ഒരു പ്രത്യേക മീറ്റിങ്ങിൽ, ന്യായപ്രമാണത്തെ "നമുക്കോ നമ്മുടെ പിതാ ക്കന്മാർക്കോ വഹിപ്പാൻ കഴിയാത്ത നുകമാണ്" എന്നു പത്രൊസ് പറ ഞ്ഞപ്പോൾ യാക്കൊബും മറ്റു മൂപ്പന്മാരും സമ്മതിച്ചതാണ് (15:10).[42] ഇപ്പോൾ അവർ പൗലൊസിനോടു ആ വഹിപ്പാൻ അസാദ്ധ്യമായ നുകം ചുമലിൽ എടുക്കാൻ "ആവശ്യപ്പെട്ടിരിക്കയാണ്"!

മുമ്പ് നടന്ന മീറ്റിങ്ങിലെ തീരുമാനം സങ്കോചിപ്പിക്കലാണെന്ന് കരു താനിടയുണ്ടെന്നു മൂപ്പന്മാർ തിരിച്ചറിഞ്ഞു, അതുകൊണ്ട് അവർ വേഗം തന്നെ ആ അഭിപ്രായം ഉറപ്പിക്കുന്നതായി സൂചിപ്പിച്ചു: "*നീ വിശ്വസിച്ചി രിക്കുന്ന ജാതികളെ സംബന്ധിച്ചോ*, അവർ വിഗ്രഹാർപ്പിതവും രക്ത വും ശ്വാസം മുട്ടിച്ചത്തതും പരസംഗവും മാത്രം ഒഴിഞ്ഞിരിക്കേണം എന്നു വിധിച്ചു, എഴുതി അയച്ചിട്ടുണ്ടല്ലൊ" (21:25; എംഫസിസ് മൈൻ). (കൂ ടാതെ 15:20, 29 ഉം നോക്കുക.)[43] മറ്റൊരു വാക്കിൽ പറഞ്ഞാൽ: "ഞങ്ങളുടെ നിർദ്ദേശത്തിൽ ജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികൾ ഉൾപ്പെടുന്നില്ല. പൗലൊസ്, നിന്നോടു ഞങ്ങൾ ചെയ്യുവാൻ പറഞ്ഞതു, യെഹൂദ ക്രിസ്ത്യാനികളുടെ പ്രയോജനത്തിനു മാത്രമാണ്."

എനിക്കു യെരുശലേമിലെ മൂപ്പന്മാരോട് ഊന്നിപ്പറയാൻ കഴിയും. യെഹൂദമതത്തിന്റെ നടുവിൽ താമസിച്ചുകൊണ്ട്, അസാദ്ധ്യ പ്രവൃത്തി യെയാണ് അവർ നേരിട്ടത്. അവരുടെ വർഗ്ഗത്തിൽ നിന്നു യെഹൂദന്മാർ അവരുടെ മതത്തെ വേർപ്പെടുത്തിയിരുന്നില്ല.[44] അതു ബൈബിൾ കാല ഘട്ടത്തിലും വാസ്തവമായിരുന്നു. സാധാരണ യെഹൂദന്നു, ന്യായപ്ര മാണത്തിനു വിരോധമായി പറഞ്ഞിരുന്നതു (പറയുന്നതും) യെഹൂദൻ എന്നതു ഉപേക്ഷിക്കുന്നതു പോലെയാണ്. "നാം ന്യായ പ്രമാണത്തിനു വിരോധമായി സംസാരിച്ചാൽ, നമ്മുടെ ഇടവകയിൽ കുഴപ്പം നേരിടുക യും, നാം പിന്നെ ഒരിക്കലും നമ്മുടെ സ്നേഹിതരേയും അയൽക്കാ രെയും സ്വാധീനിക്കാൻ കഴിയുകയില്ല" എന്നു, മൂപ്പന്മാർ വിചാരിച്ചുകാ ണും.

മറുവശത്ത്, യെരുശേലം മൂപ്പന്മാർ അവരുടെ സമൂഹത്തെയും സഭ യിലെ ന്യായപ്രമാണ വാദികളെയും അമിതമായി പിന്താങ്ങുവാൻ ശ്രമിച്ചു

(15:5; ഗലാത്യർ 2:11, 12). പൗലൊസിനെ പോലെ എതിർത്തുകൊണ്ടുള്ള പള്ളികളിൽ എല്ലാമുള്ള പ്രസംഗങ്ങൾ അവനെ അടി കൊള്ളി ക്കയും (പുറത്താക്കുകയും) ചെയ്തു മൂപ്പന്മാർ പ്രോത്സാഹിപ്പിച്ചില്ല (2 കൊരിന്ത്യർ 11:24 ശ്രദ്ധിക്കുക).[45] "എല്ലാവരോടു സമാധാനം ആചരിക്കുക" എന്ന വെല്ലുവിളി (റോമർ 12:18) സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്യാതെ (സദൃശ വാക്യങ്ങൾ 23:23) ഒരിക്കലും എളുപ്പമല്ല. അതു യെരുശലേമിൽ എളുപ്പമായിരുന്നില്ല; നിങ്ങൾ പാർക്കുന്ന സ്ഥലത്തും എളുപ്പമല്ല.

### അതിശയിപ്പിക്കുന്ന ഒരു ഫലം (21:26, 27)

മൂപ്പന്മാർ പൗലൊസിനോട് എന്തു ചെയ്യണം എന്നു പറഞ്ഞപ്പോൾ പൗലൊസിന്റെ പ്രതികരണം എന്തായിരുന്നു? "എന്നോട് ഇങ്ങനെ കല്പിക്കാൻ നിങ്ങൾ ആരാ?" എന്ന്, അവൻ എതിർത്തോ. "നിങ്ങളാണ് ഇടവകയുടെ അദ്ധ്യക്ഷന്മാർ. ഇക്കാര്യം കൈകാര്യം ചെയ്യേണ്ടതു നിങ്ങളുടെ ഉത്തരവാദിത്വമാണെന്നു, അവൻ പറഞ്ഞോ"? "'ന്യായപ്രമാണത്തിൽ കീഴുള്ളവരാകുക എന്ന ഒരു നയം' എനിക്ക് ഉണ്ട് എന്നതു വാസ്തവമാണ്, പക്ഷേ അതു *അവിശ്വാസികളായ* യെഹൂദന്മാരെ നേടേണ്ടതിനാണ്,[46] അല്ലാതെ അതു യെഹൂദ ക്രിസ്ത്യാനികളെ വഷളാക്കുന്നതിനല്ല" എന്ന് അവൻ എതിർത്തോ? ആ പ്രതിവിധി പ്രവൃത്തി ന്യായപ്രമാണവാദികളുടേതാണ് എന്ന് കരുതി (പ്രവൃത്തികൾ 15:5) പൗലൊസ് അവരെ സമ്മതിക്കുന്നു എന്ന് "വരുത്തി തീർക്കാനാണെന്ന്" അവൻ പറഞ്ഞോ?

മൂപ്പന്മാർ പൗലൊസിനെ ഒരു മൂലയിലേക്കു മാറ്റി. സഹോദരങ്ങൾക്കിടയിൽ സമാധാനം വളർത്തുവാനാണ് അപ്പൊസ്തലൻ വന്നത്, എന്നാൽ മൂപ്പന്മാർ പറഞ്ഞതു അവന്റെ വരവ് അവിടെ വിയോജിപ്പ് ഉണ്ടാക്കിയിരിക്കുന്നു എന്നാണ്. അവൻ ഒരു വിജയം – ഇല്ലാത്ത സാഹചര്യത്തിലായിരുന്നു. മൂപ്പന്മാരുടെ പദ്ധതി അനുസരിച്ച് അവൻ പോയില്ലെങ്കിൽ, സഭയിൽ ഭിന്നതയുണ്ടാക്കി എന്ന അപവാദം അവനിൽ വരുമായിരുന്നു; അവരുടെ നിർദ്ദേശം അനുസരിച്ചു പോയാൽ, പൊരുത്തമില്ലാത്തവൻ എന്നു ആരോപിക്കപ്പെടും.

മൂപ്പന്മാരുടെ പദ്ധതിയോടും പൗലൊസ് പ്രതികരിച്ച മാനസികമായതോ വാക്കുകളാലുള്ളതോ ലൂക്കൊസ് രേഖപ്പെടുത്തിയിട്ടില്ല. അവന്റെ ഉദ്ദേശം സംഭവങ്ങളുടെ സംക്ഷിപ്തമായ അനുക്രമം പൗലൊസിനെ പിടിച്ചതിലേക്കു നയിച്ചതിനെ വ്യക്തമാക്കുക എന്നായിരുന്നു. അവൻ വിവരിക്കാൻ സാദ്ധ്യമല്ലാത്ത, അതിശയകരമായ, അനന്തരകഥ അറിയിക്കയാണ് ചെയ്തത്: "അങ്ങനെ പൗലൊസ് ആ പുരുഷന്മാരെ കൂട്ടികൊണ്ട്,[47] പിറ്റെന്നാൾ, അവരോടുകൂടെ തന്നെ ശുദ്ധിവരുത്തി, ദൈവാലയത്തിൽ ചെന്നു,[48] അവരിൽ ഓരോരുത്തന്നു വേണ്ടി വഴിപാടു കഴിപ്പാനുള്ള, ശുദ്ധീകരണ കാലം തികഞ്ഞു എന്നു ബോധിപ്പിച്ചു" (21:26).

ആ നാലു പുരുഷന്മാരുടെ ഏഴു-ദിവസത്തെ ശുദ്ധീകരണം പൂർത്തിയാക്കാതെ അവർക്കു ദൈവാലയത്തിൽ പ്രവേശിക്കാൻ അനുവാദമില്ല, എന്നാൽ പൗലൊസിന്റെ ശുദ്ധീകരണ ചടങ്ങ് ഒരു ദിവസം കൊണ്ട് തീർക്കാം.[49] അവർക്കു വേണ്ടി അവൻ ദൈവാലയത്തിൽ പോകാം, അവ

രുടെ ശുദ്ധീകരണ ദിവസങ്ങൾക്കു ശേഷം യാഗങ്ങൾ അർപ്പിക്കുവാൻ വേണ്ട ഏർപ്പാട് ചെയ്യാം.

രണ്ടു വസ്തുതകൾ കൂടി നോക്കേണ്ടതുണ്ട്: (1) പൗലൊസ് ആരംഭിച്ചത് പൂർത്തിയാക്കിയില്ല. അടുത്ത് വാക്യം പറയുന്നു "*ആ ഏഴു ദിവസം തീരാറായപ്പോൾ*, ആസ്യയിൽ നിന്നു വന്ന യെഹൂദന്മാർ, അവനെ ദൈവാലയത്തിൽ കണ്ടിട്ടു, പുരുഷാരത്തെ ഒക്കെയും ഇളക്കി അവനെ പിടിച്ച്" (വാക്യം 27; എംഫസിസ് മൈൻ). യാഗം കഴിയുന്നതിനു മുൻപു തന്നെ ക്രിസ്ത്യാനികൾ ആകാത്ത യെഹൂദന്മാർ പൗലൊസിനെ പിടിച്ചു (യാഗം കഴിക്കുന്നത് ഏഴു ദിവസങ്ങളുടെ *അവസാനമാണ്*). വാസ്തവത്തിൽ പൗലൊസിനെ രക്തയാഗം അർപ്പിക്കുന്നതിൽ നിന്നു മാറ്റുന്നതിൽ, ദൈവത്തിന്റെ കരം ഉണ്ടായിരുന്നോ? അതു താല്പര്യം ജനിപ്പിക്കുന്ന ഒരു ചിന്തയാണ്. (2) മൂപ്പന്മാർ വിചാരിച്ചതുപോലെ കുഴപ്പങ്ങൾ ഒഴിവാക്കുന്നതിനു പകരം, പൗലൊസിന്റെ പ്രവൃത്തി കുഴപ്പം വിളിച്ചു വരുത്തി. അവൻ ദൈവാലയത്തിൽ ചെന്നത് വിശ്വാസികളായ യെഹൂദന്മാരെ ഭയപ്പെടുത്തിയോ ഇല്ലയോ എന്ന് നമുക്ക് അറിഞ്ഞുകൂടാ,[50] എന്നാൽ അവിശ്വാസികളായ യെഹൂദന്മാരെ കോപിഷ്ഠരാക്കുകയും – തൽഫലമായി അവൻ തടവിലാക്കപ്പെടുകയും ചെയ്തു.

## ഉപസംഹാരം

നമ്മുടെ അടുത്ത പാഠത്തിൽ, മൂപ്പന്മാർ ചെയ്യാൻ ആവശ്യപ്പെട്ടതിനോട് പൗലൊസ് സമ്മതിച്ചത് *എന്തിന്* എന്നു പഠിക്കലും – അവൻ ചെയ്തതു ശരിയായാലും തെറ്റായാലും. എങ്ങനേയായാലും, പൗലൊസ് ചെയ്തതു ശരിയായാലും തെറ്റായാലും, വേദഭാഗത്തിനും പല പാഠങ്ങൾ നമുക്കു പഠിക്കാൻ കഴിയും:

സഭയിലെ ബന്ധങ്ങളെക്കുറിച്ചു നമുക്കു പഠിക്കാൻ കഴിയും: ഒരംഗം ചെയ്യുന്നതു മറ്റു അംഗങ്ങളെയെല്ലാം ബാധിക്കും എന്നതാണ് ഒന്ന്. നിങ്ങൾ എന്തു ചെയ്താലും, അതു എല്ലാവരേയും പ്രീതിപ്പെടുത്തുകയില്ല. ചിലർ എല്ലായ്പ്പോഴും മോശമായതു വിശ്വാസിക്കാനും അതു മറ്റുള്ളവരോട് അറിയിക്കുവാനും തയ്യാറായിട്ടുണ്ട് എന്നതാണ് മറ്റൊന്ന്. അത്തരം നിഷേധ ഭാവത്തിലുള്ള ചിന്തകൾക്കു മദ്ധ്യേയാണ് പൗലൊസിന്റെയും മാതൃക, സഭയിൽ യോജിപ്പ് നിലനിർത്തുവാൻ മറ്റുള്ളവർ പറയുന്നതു കേൾക്കുവാനുള്ള മനസ്സ് അവനുണ്ടായിരുന്നു. സഭയുടെ അപൂർണ്ണതകളും നോക്കാതെ സഭയെ സ്നേഹിച്ച പൗലൊസിന്റെ മാതൃക നമുക്കു പഠിക്കാം.

ഉപദേശത്തെ സംബന്ധിച്ചും നമുക്കു പാഠങ്ങൾ പഠിക്കാം – അതു കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതാണ്: ഒരു വശത്തു, നാം കൊടുക്കുന്ന ഉപദേശം ശ്രദ്ധാപൂർവ്വം ആകണം; നമ്മുടെ ജീവിതത്തെ ബാധിക്കാത്തേടത്തോളം, മറ്റുള്ളവരുടെ ജീവിതത്തിൽ ഉപദേശം കൊടുപ്പാൻ നമുക്ക് എളുപ്പമാണ്, പൗലൊസിന്മേൽ സമ്മർദ്ദം ചെലുത്തിയതിൽ അവർ ദു:ഖിച്ചോ എന്നു ഞാൻ സംശയിക്കുന്നു. "ഞങ്ങൾ അന്ന് അങ്ങനെ പൗലൊസിനോട് പറഞ്ഞില്ലായിരുന്നെങ്കിൽ, അവൻ തടവിലാകുമായിരുന്നില്ല. അവൻ സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നു"

എന്നു, അടുത്ത അഞ്ചു വർഷത്തിനുള്ളിൽ, അവർ എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടാകുമോ? മറിച്ച്, ഉപദേശങ്ങൾ സ്വീകരിക്കുന്നതും ശ്രദ്ധാപൂർവ്വം ആകണം. എല്ലാ ഉപദേശവും രണ്ടു പ്രാവശ്യം വിലയിരുത്തണം: ദൈവശ്വാസിയ സത്യത്തെയും പ്രായോഗികമായ അനന്തരഫലങ്ങളുടെ സാധ്യതയെയും തുലനപ്പെടുത്തണം.

ഒരു പക്ഷേ ഏറ്റവും പ്രധാനമായ, ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നത് ദൈവത്തിന്റെ ജ്ഞാനവും ദൈവത്തിന്റെ കൃപയും ആണ്: പൗലൊസ് തെറ്റു ചെയ്തോ ഇല്ലയോ എന്നതല്ല, ദൈവം തന്റെ ഉദ്ദേശത്തിനും പദ്ധതിക്കുമായി ആ സാഹചര്യം ഉപയോഗിച്ചു എന്നതാണ്. പൗലൊസിനു ബന്ധനം കാത്തിരിക്കുന്നു എന്ന പ്രവചനം നിറവേറുന്നതായിരുന്നു താഴെ പറയുന്ന സംഭവം (20:22, 23) അതു സംഭവങ്ങളുടെ അനുക്രമത്തിനും പിന്നീട് പൗലൊസിനെ റോമിൽ എത്തിക്കുന്നതിനും ഇടയാക്കി. നമ്മുടെ ഹൃദയം ദൈവത്തിൽ ഊന്നി ലക്ഷ്യം ശുദ്ധമെങ്കിൽ, നാം എടുക്കുന്ന തീരുമാനത്തിൽ തെറ്റു പറ്റിയാലും ദൈവം നമുക്കായി പ്രവർത്തിക്കും എന്നതു ആശ്വാസമത്രേ. എപ്പോഴെല്ലാം ഞാൻ തെറ്റുകൾ ചെയ്തതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ, കരുണാ സമ്പന്നനായ ദൈവത്തെയാണ് ഞാൻ സേവിക്കുന്നതു എന്നതിനാൽ ഞാൻ നന്ദിയുള്ളവനാണ്!

---

കുറിപ്പുകൾ

[1]പ്രവൃത്തികൾ 15-ൽ നാം ചർച്ച ചെയ്തതുപോലെ "പ്രവൃത്തികൾ, 3-൧൦" ലക്കത്തിലെ, ഗലാത്യലേഖനം എഴുതിയതു എപ്പോഴാണെന്നു തീർച്ചയില്ല, എന്നാൽ അതു പൗലൊസിന്റെ മൂന്നാം മിഷണറിയാത്ര അവസാനിക്കുന്നതിനു മുൻപായിരിക്കണം. [2]"പ്രവൃത്തികൾ, 4-൧൦" ലക്കത്തിലെ "ദരിദ്രരെ ഓർക്കുക" എന്ന പാഠത്തിൽ കണ്ടതുപോലെ, റോമർ എഴുതപ്പെട്ടതു പൗലൊസിന്റെ മൂന്നാം മിഷണറി യാത്രയുടെ അവസാനം കൊരിന്തിൽ നിന്നാണ്. [3]സംഖ്യാപുസ്തകം 6:11, 14. നാം നോക്കുമ്പോൾ, ആ നാലു പുരുഷന്മാർ നാസറീൻ വ്രതമാണ് എടുത്തിട്ടുള്ളത്. ശുദ്ധീകരണശേഷം ഓരോരുത്തർക്കും ഓരോ പാപയാഗം അനിവാര്യമാണ്, നേർച്ചയുടെ അവസാനം ഓരോരുത്തർക്കും പാപയാഗം അർപ്പിക്കേണ്ടിയിരുന്നു. ഈരണ്ടായി നാലു പ്രാവശ്യമാകുമ്പോൾ എട്ടാകുന്നു. [4]ആഡം ക്ലാർക്ക്, *ദി ഹോളി ബൈബിൾ വിത്ത് എ കമെന്ററി ആന്റ് ക്രിട്ടിക്കൽ നോട്ട്സ്,* വാല്യം 5, *മാത്യു* - ആക്സ് (ന്യൂയോർക്ക്: അബിങ്ങ്ഡൻ പ്രെസ്, എൻ. ഡി.), 860. [5]ആയുഷ്ക്കാലം മുഴുവൻ കത്തോലിക്കാ സഭയോട് എതിർത്ത ഒരു തീവ്രനവീകരണക്കാരനായിരുന്നു ജോൺകാൽവിൻ. [6]ഈ പ്രസ്താവന, പൗസ്രത്ത് റിച്ചാർഡ് ലോഞ്ച് നെക്കറിൻ, *പോൾ, അപ്പൊസ്തൽ ഓഫ് ലിബെർട്ടി* (ന്യൂയോർക്ക്: ഹാർപ്പർ & റെവ്, 1964), 246. [7]ജി. കാംബെൽ മോർഗൻ, *ദി ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്ളെമിങ് എച്ച്. റെവെൽ, 1988), 372. [8]ഹാർഡിങ് യൂണിവേഴ്സിറ്റിയിലെ പ്രവൃത്തികളെക്കുറിച്ചുള്ള 1989 ലെ പ്രസംഗ പരമ്പരകളെ ചിത്രീകരിക്കുക എന്നതാണ് നമ്മുടെ വെല്ലുവിളി. ആ പ്രസംഗങ്ങളുടെ പുസതകത്തിൽ നിന്നു (ആക്സ്, ദ സ്പ്രെഡിങ്ങ് ഫ്ളെയിം [സിയേഴ്സി, ആർക്.: ഹാർഡിങ്ങ് യൂണിവേഴ്സിറ്റി, 1989]), ഒരു പ്രാസംഗികൻ പറഞ്ഞു പൗലൊസ് ചെയ്തതു ശരിയായതാണ്, എന്നാൽ മറ്റൊരു പ്രാസംഗികൻ പറഞ്ഞതു പൗലൊസ് ചെയ്തതു തെറ്റായിരുന്നു എന്ന്. രണ്ടു പ്രാസംഗികരും

സഹോദരങ്ങൾക്കിടയിലെ പുരുഷന്മാരെ ബഹുമാനിച്ചിരുന്നു. [9]പെന്തെകൊസ്തു നാൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ വരുന്നതുകൊണ്ട് പ്രവൃത്തികൾ 2:1 ലെ നോട്ടുകൾ നോക്കുക. ആ ഭാഗത്തെ ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കുവാൻ കൂടിവന്നു "പ്രവർത്തികൾ 4-൧൦" ലക്കത്തിലെ "ഉറങ്ങുന്ന ശിഷ്യന്മാർ" എന്ന പാഠത്തിലെ പ്രവൃത്തികൾ 20:7 ലെ നോട്ടുകൾ നോക്കുക. എങ്ങനെയായാലും, നമ്മുടെ വേദഭാഗത്തിലെ വാക്യം 22 സൂചിപ്പിക്കുന്നത് ആ ഭാഗത്തെ ക്രിസ്ത്യാനികൾ അതുവരെ കൂടി വന്നിരുന്നില്ല എന്നാണ് (ഈ പുസ്തകത്തിൽ പിന്നീട് വരുന്ന 22 ന്റെ നോട്ടുകൾ നോക്കുക). അതുകൊണ്ട്, പെന്തെകൊസ്തു നാളിനു മുൻപ് പൗലൊസ് എത്തിച്ചേർന്നു എന്നു, നാം തീർപ്പാക്കുന്നു. [10]വാക്യം 17 പറയുന്നതു ഇതാണെന്ന് എനിക്കു തോന്നുന്നു, എന്നാൽ യാക്കൊബിന്റെ വീട്ടിൽ ഇതു ആദ്യത്തെ മീറ്റിങ്ങ് ആകാൻ സാധ്യതയുള്ളതായി വാക്യം പറയുന്നു, എന്നാൽ വാക്യം 18 പറയുന്നത് എല്ലാ മൂപ്പന്മാരും സന്നിഹിതരായ രണ്ടാമത്തെ മീറ്റിങ്ങിനെപ്പറ്റിയാണ്.

[11]അന്നോ വർഷങ്ങൾക്കു മുൻപു "ദരിദ്രരെ ഓർത്തു കൊൾക" എന്നു പറഞ്ഞ യാക്കൊബ് മാത്രമെ ഇപ്പോൾ യെരുശലേമിൽ ഉള്ളു (ഗലാത്യർ 2:9, 10), അതാണ് പൗലൊസ് ജാതികളുടെ സഭകളിൽ നിന്നു ധർമ്മശേഖരത്തിനു മുന്നിട്ടിറങ്ങിയത്. പൗലൊസ് യാക്കൊബിനു ധർമ്മശേഖരം എല്പിച്ചതു സ്വാഭാവികമാണ്. [12]പൗലൊസിന്റെ റോമിലേക്കുള്ള യാത്ര വരെ ലൂക്കൊസ് ഇത് അവസാനമായിട്ടാണ് ഒന്നാം വ്യക്തിയെ ഉപയോഗിച്ചത് (27:1). ലൂക്കൊസ് ഒരു പക്ഷേ കാഴ്ച്ചപ്പാട് പൗലൊസിൽ തന്നെ കൊടുക്കാൻ ഉദ്ദേശിച്ചിരിക്കാം. എങ്ങനെയായാലും, ലൂക്കൊസ് പൗലൊസിനോടുകൂടെ റോമിലേക്കു യാത്ര ചെയ്തതുകൊണ്ട്, മിക്കവാറും അവൻ പാലസ്തീനിൽ താമസിച്ചിരിക്കാം അല്ലെങ്കിൽ രണ്ടു വർഷം മുഴുവനും പൗലൊസ് കൈസര്യയിൽ തടവിലായിരുന്നേക്കാം. ഈ സമയത്ത് അവൻ ഒരു പക്ഷേ യേശുവിന്റെ ജീവചരിത്രത്തേയും സഭയുടെ പ്രാരംഭ നാളുകളേയും ഗവേഷണം നടത്തിയിരിക്കാം (ലൂക്കൊസ് 1:3). [13]അപ്പൊസ്തലന്മാർ ലോകം മുഴുവൻ സഞ്ചരിച്ചതിനെക്കുറിച്ച് ധാരാളം പാരമ്പര്യങ്ങൾ ഉണ്ട്, അവരുടെ പ്രസംഗങ്ങളെയും സഭയുടെ സ്ഥാപനത്തെയും കുറിച്ചുള്ളതാണ്. [14]എസി. ഹെർവെ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ് (2),* ദ പുൾപ്പിറ്റ് കമെന്ററി, വാല്യം 18 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1950), 172. ഇതേ അഭിപ്രായത്തിനു, ക്ലാർക്ക് 859 ഉം, നോക്കുക. [15]ഈ വേദഭാഗത്തിൽ "യാക്കൊബ്" എന്ന വാക്കിനും "മൂപ്പന്മാരെല്ലാം" എന്നതിനും ഇടക്ക് ഒരു നിർത്തൽ സൂചിപ്പിക്കുന്നത്, എൻ.എ.എസ്.ബി യിൽ ഒരു കോമാ കൊണ്ടാണ് ഈ നിർത്തൽ ഗ്രീക്കിലും ഇംഗ്ലീഷിലും കാണാം. [16]മാർക്ക് ബ്ലാക്ക്, "ദ വോ ആന്റ് ദ സാക്രിഫൈസസ്," *ആക്സ്, ദ സ്പ്രെഡിങ്ങ് ഫ്ളെയിം,* 221 (എംഫസിസ് മൈൻ). [17]മൂപ്പന്മാരെല്ലാവരും വന്നിരുന്നു എന്നതു പൗലൊസിന്റെ ആശയമായിരുന്നോ അതോ യാക്കൊബിന്റേതായിരുന്നോ? ഞാൻ കരുതുന്നതു അവർ രണ്ടുപേരും എല്ലാമുപ്പന്മാരും ഉണ്ടാകണമെന്ന് ആഗ്രഹിച്ചിരിക്കും: ധർമ്മശേഖരം നല്കുമ്പോൾ എല്ലാ മുപ്പന്മാരും ഉണ്ടാകണമെന്ന് പൗലൊസ് ആഗ്രഹിച്ചിരിക്കും. യാക്കൊബ് എല്ലാ മൂപ്പന്മാരും വരണമെന്ന് ആഗ്രഹിച്ചത് പൗലൊസിനോട് ആ നാലുപേർക്കുള്ള നേർച്ചചിലവ് ചെയ്യണമെന്ന് "നിർദ്ദേശത്തിന്" കൂടുതൽ ഉറപ്പ് കിട്ടുന്നതിനാണ്. [18]വേറെയും ഉദ്ദേശം അവന്റെ മനസ്സിൽ ഉണ്ടായിരുന്നു; തന്റെ വായനക്കാർ പൗലൊസിനെ തടവിലാക്കിയതിന്റെ പശ്ചാത്തലം അറിയണമെന്ന് അവൻ ആഗ്രഹിച്ചു. [19]പൗലൊസ് ആശിച്ചതുപോലെ അതു യെഹുദ - ജാതി ബന്ധത്തെ വളർത്തിയൊ എന്ന്, നമുക്ക് അറിഞ്ഞുകൂടാ. ലൂക്കൊസ് ധർമ്മ ശേഖരത്തെപ്പറ്റി പറയാത്തതുകൊണ്ട് പൗലൊസ് ഉദ്ദേശിച്ചതു സംഭവിച്ചില്ല എന്നു പറയപ്പെടുന്നു; അതായതു, ധർമ്മശേഖരം ഒരു പരാജയമായിരുന്നു എന്നു പറയുന്നു. എങ്ങനെയായാലും, അതേ വിവേചനം നടത്തിയാൽ, ലൂക്കൊസ് പറയാത്തതു പൗലൊസിന്റെ ലേഖനങ്ങൾ എല്ലാം പരാജയമാണെന്ന് പറയേണ്ടി വരും. എന്നാൽ എന്തുദ്ദേശം നിറവേറ്റിയില്ല എന്നല്ല ലൂക്കൊസ് പറഞ്ഞത് പിന്നെയോ എന്തുദ്ദേശം നിറവേറ്റി എന്നതാണ്. [20]തന്റെ ഒന്നാം

യാത്രക്കുശേഷം പൗലൊസ് വിവരങ്ങൾ യെരുശലേമിലെ മൂപ്പന്മാരെ ധരിപ്പിച്ചതുകൊണ്ട് (15:4), ഈ വിവരം ഒരു പക്ഷേ രണ്ടും മൂന്നും യാത്രയിലെ സംഭവ വിവരം സൂചിപ്പിക്കുന്നതെങ്കിൽ "സഭ" എന്നത് 18:22-ൽ സൂചിപ്പിക്കുന്നത് സഭ യെരുശലേമിലാണ്, അറിയിച്ച വിവരങ്ങൾ മൂന്നാം യാത്രയുടേതു മാത്രമായിരിക്കാം.

[21]ഗ്രീക്കിൽ അക്ഷരികമായി "ടെൻസ് ഓഫ് തൗസന്റ്സ്" എന്നാണ്. [22]മൂപ്പന്മാർ ഇവിടെ പറയുന്ന യെഹൂദക്രിസ്ത്യാനികളുടെ സംഖ്യ സൂചിപ്പിച്ചത് യെരുശലേമിൽ വസിച്ചിരുന്ന യെഹൂദന്മാരോ, അതോ പാലസ്തീനിൽ പാർത്തിരുന്നവരോ, അല്ലെങ്കിൽ പെരുനാളിനു വന്ന എല്ലാ യെഹൂദ ക്രിസ്ത്യാനികളേയും ഉൾപ്പെടുത്തിയാണോ പറഞ്ഞത് എന്നു നമുക്കറിയില്ല. [23]മൂപ്പന്മാർ ദൈവത്തെ മഹത്വപ്പെടുത്തുന്നതും "പിന്നെ" എന്ന വാക്കോടുകൂടി അവരുടെ പൗലൊസിനോടുള്ള മറുപടിയും തമ്മിൽ പല തർജ്ജിമക്കാരും ബന്ധിപ്പിക്കുന്നുണ്ട്: "പിന്നെ അവർ അവനോടു പറഞ്ഞു ..." സ്പഷ്ടമായും, പൗലൊസ് പറഞ്ഞാൽ മൂപ്പന്മാരുടെ മനസ്സ് പകുതിയേ വരുന്നുള്ളൂ; തുടർന്നുള്ള സംഭവം വ്യക്തമാക്കുന്നതു അവർ മറച്ചുവെച്ച ഒരു കാര്യ പരിപാടയുമായാണ് വന്നത് എന്നത്രേ. [24]ഹെർബെർട്ട് വി. പ്രോച്ചനവും പൗർബർട്ട് വി പ്രോച്ച്ന ജൂനിയറും, *എ ഡിക്ഷ്ണറി ഓഫ് വിറ്റ്, വിസ്ഡം ആന്റ് സാറ്റെർ* (ന്യൂ യോർക്ക്: പോപ്പുലർ ലൈബ്രറി, 1964), 116-ൽ ഉദ്ധരിച്ചത്. [25]"അവരോടു പറഞ്ഞു" എന്ന പദപ്രയോഗം ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തതതിൽ നിന്നാണ് നമുക്ക് "കാറ്റക്കൈസ്" എന്ന വാക്ക് കിട്ടിയത്. കിംവദന്തികൾ ആവർത്തിച്ച് ആവർത്തിച്ച് കേട്ടത് അവരുടെ ഉള്ളിൽ തുളച്ചു കയറി. ധാരാളം വെറുക്കപ്പെടേണ്ട കിംവദന്തികൾ ഉപദേഷ്ടാക്കന്മാരെക്കുറിച്ച് മറ്റുള്ളവർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, അല്ലാതെ ഉപദേഷ്ടാക്കന്മാർ വാസ്തവത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിലല്ല വ്യാപിപ്പിച്ചിരിക്കുന്നത്. [26]കിംവദന്തികൾ വാസ്തവത്തിൽ ആളുകൾ ചിന്തിച്ചതാണ്, അല്ലാതെ അവൻ പറഞ്ഞതല്ല എന്നു പൗലൊസ് വ്യക്തമാക്കി. [27]"പ്രവർത്തികൾ 3-ാം" ലക്കത്തിലെ "ഒരു പുതിയ സംഘവും - കൂടുതലും" എന്ന പാഠത്തിലെ 16:1-5 ന്റെ നോട്ടുകൾ നോക്കുക. [28]"പ്രവർത്തികൾ 3-ാം" ലക്കത്തിലെ "ഒരു പുതിയ സംഘവും - കൂടുതലും" എന്ന പാഠത്തിലെ 16:3 ലെ നോട്ടുകൾ നോക്കുക. [29]കിംവദന്തികൾ തെറ്റായതുകൊണ്ട് അപകടകരമല്ലെന്നു വിചാരിക്കരുത് - പൗലൊസ് അതു നന്നായി അറിഞ്ഞു. സ്തെഫാനൊസിന്റെ പ്രസംഗം അവരുടെ ആചാരങ്ങളെ മറിച്ചു കളയുന്നു എന്ന കിംവദന്തി പരന്നു (പ്രവൃത്തികൾ 6:14), അങ്ങനെ ശൗൽ സഹായിക്കയും സ്തെഫാനൊസ് കൊല്ലപ്പെടുകയും ചെയ്തു. [30]വെസ്റ്റേൺ ടെക്സ്റ്റിൽ "പിന്നെ എന്ത്? *ദ അസെംബ്ലി മസ്റ്റ് സേർട്ടെൻലി മീറ്റ്,* ഫോർ ദേ വിൽ ഹിയർ ദാറ്റ് യൂ ഹാവ് കം." (എംഫസിസ് മൈൻ.) കെ.ജെ.വി വെസ്റ്റേൺ ടെക്സിനെ പ്രതിഫലിപ്പിച്ചത് "ദ മൾട്ടിട്യൂഡ് മസ്റ്റ് നീഡ്സ് കം ടു ഗെദെർ" എന്നാണ്. ഇതെടുത്ത് ചിലർ അതു അവിശ്വാസികളായ പുരുഷാരം ആണെന്നു പറയുന്നു, എന്നാൽ സന്ദർഭം വ്യക്തമാക്കുന്നതു മൂപ്പന്മാർ യെഹൂദ ക്രിസ്ത്യാനികളെയാണ് കരുതിയത് എന്നാണ്.

[31]പ്രവൃത്തികൾ 20:7 ലെ "പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "ഉറങ്ങുന്ന ശിഷ്യന്മാർ" എന്നതിന്റെ നോട്ടുകൾ നോക്കുക. [32]ചുരുങ്ങിയതു, അവർക്കു ഒരു അന്തിമ തീർപ്പ് എടുക്കുന്നതിനുമുൻപ് പൗലൊസിനോടു ചേർന്നു ഒരു ചർച്ച ചെയ്യാമായിരുന്നു. [33]ജെയിംസ് ബർട്ടൺ കോഫ് മാൻ, *കമെന്ററി ഓൺ ആക്സ്* (ആസ്റ്റിൻ, ടെക്സസ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1976), 408. [34]ലിയോഡ് ജെ. ഒജിൽവി, *ദ കമ്മ്യൂണിക്കേറ്റേഴ്സ് കമെന്ററി,* വാല്യം. 5, *ആക്സ്* (ഡെള്ളാസ്: വേഡ് പബ്ലിഷിംങ്ങ്, 1983), 304. [35]ക്രിയ ഗ്രീക്കിൽ ഇംപെരേറ്റീവ് മൂഡിയാണ്. [36]മൂപ്പന്മാർ ആ നാലുപേരെയും മീറ്റിങ്ങിനു കൊണ്ടു വന്നിരിക്കാൻ സാദ്യതയുണ്ട് (വാക്യം 26). [37]പൗലൊസിന്റെ നേർച്ചയെപ്പറ്റി പറഞ്ഞിരിക്കുന്ന 18:18 ഉം ഈ സന്ദർഭവുമായി താരതമ്യം ചെയ്യുക. സംഖ്യാപുസ്തകം 6:18 അനുസരിച്ച്, തല ക്ഷൗരം ചെയ്യുന്നത് നേർച്ചയുടെ ആരംഭത്തിലല്ല, അവസാനമാണ്; ഇത് മറ്റെങ്ങുമല്ല, യാഗ സ്ഥലത്താണ് ചെയ്തിരുന്നത്. ആ നാലുപേരുടെ നേർച്ച തീർച്ചയായും നാസറീൻ വ്രതമായിരുന്നു, എന്നാൽ പൗലൊസിന്റേത് ഏതാണ്

അനുഷ്ഠിപ്പിക്കുന്നതാണ്. [38]ആയുഷ്ക്കാലം നാസറീൻ വ്രതം അനുഷ്ടിച്ച രണ്ടു പേരായിരുന്നു ശിംസോനും യോഹന്നാൻ സ്നാപകനും. [39]പൗലൊസ് സാധാരണ പൈസ ഒന്നുമില്ലാതിരിക്കുന്ന ആളായതുകൊണ്ട് പൗലൊസിനെകൊണ്ട് "അവരുടെ ചെലവു ചെയ്യിക്കൽ" എന്നതു എഴുത്തുകാർ യഥോചിതമല്ലെന്നു കരുതുന്നു. ചിലർ പറയുന്നത് മൂപ്പന്മാർ അവനോട് വിശുദ്ധന്മാരുടെ ആവശ്യങ്ങൾക്കായി ശേഖരിച്ചതിൽ നിന്നു ചെലവിന്നു എടുത്തുകൊള്ളാൽ പറഞ്ഞു എന്നാണ്, പക്ഷെ പൗലൊസ് അതു സമ്മതിക്കുമെന്ന് തോന്നുന്നില്ല, കാരണം അതു ധർമ്മ ശേഖരം ദുരുപയോഗം ചെയ്യുന്നതായിവരും (2 കൊരിന്ത്യർ 8:20, 21). പൗലൊസിന് പിന്നെ റോമിൽ ഒരു വീട് വാടകയ്ക്ക് എടുക്കാൻ പണം ഉണ്ടായിരുന്നതു കൊണ്ട് (പ്രവൃത്തികൾ 28:30), ഈ സമയമായപ്പോഴേക്കും അവന്നു ചില അവകാശം കിട്ടി എന്നു കരുതുന്നവരുണ്ട് അതു അത്ര വലിയ പ്രാധാന്യമുള്ള കാര്യമല്ല. ഒരു പക്ഷേ, പൗലൊസിന് സാധാരണപോലെ പണം കിട്ടിയിരിക്കാം - ജോലി ചെയ്തോ അല്ലെങ്കിൽ ഉദാരശീലരായ സഹോദരങ്ങളാലോ ലഭിച്ചിരിക്കും. [40]ആചാരപരമായ ശുദ്ധീകരണത്തിനു, ലേവ്യാപുസ്തകം 15:1-30 നോക്കുക. ആ പുരുഷന്മാരുമായി പൗലൊസ് നാസറീൻ വ്രതം അനുഷ്ടിച്ചതായി സൂചനയില്ല, മുൻപു നേർന്ന നേർച്ച വർഷങ്ങൾക്കു ശേഷം നടത്തിയതായും സൂചനയില്ല (18:18). പലപ്പോഴും, യെഹൂദന്മാർ ജാതികളുടെ ദേശത്തു നിന്നു മടങ്ങിവരുമ്പോൾ, അവർ ഒരു ശുദ്ധീകരണ പ്രക്രിയ നടത്തും. ഒരു പക്ഷേ ഇതുപോലെ ഒന്നായിരിക്കാം പൗലൊസിന്റെ ശുദ്ധീകരണത്തിൽ നടന്നത്. ഒരു പക്ഷേ അവൻ ദൈവാലയത്തിൽ പോകുന്നതിനു മുൻപു ഈ വിശുദ്ധീകരണം നടത്തി പുരോഹിതന്മാരുമായി ഏർപ്പാടുണ്ടാക്കാൻ ആവശ്യപ്പെട്ടിരിക്കാം.

[41]പലപ്പോഴും സംഗതി ഇതായിരിക്കെ, ലൂക്കൊസ് സംഭവങ്ങളെ ചുരുക്കി, അതുകൊണ്ട് വാസ്തവത്തിൽ എന്തു സംഭവിച്ചു എന്ന് നമുക്ക് അറിയില്ല. ആ നാലു പുരുഷന്മാരുടെ നേർച്ചയുടെ വിശദാംശം നല്കുകയല്ല ലൂക്കൊസിന്റെ ലക്ഷ്യം, എന്നാൽ പൗലൊസ് തടവിലായതു എങ്ങനെ എന്നു വിവരിക്കുകയായിരുന്നു. [42]പത്രൊസ് പ്രസ്താവിച്ച സമയത്ത് യാക്കൊബ് ഉണ്ടായിരുന്നു (15:13); നമ്മുടെ വേദഭാഗത്തിൽ 25-ാം വാക്യത്തിൽ, പ്രവൃത്തികൾ 15ലെ മീറ്റിങ്ങിൽ എഴുത്ത് എഴുതിയതു മൂപ്പന്മാരാണെന്ന് അവർ തന്നെ തിരിച്ചറിയിക്കുന്നു. [43]"പ്രവൃത്തികൾ 3-ാം" ലക്കത്തിലെ "വിവാദങ്ങൾ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ സൂചനകൾ" എന്ന പാഠത്തിലെ പ്രവൃത്തികൾ 15:20 ലെ നോട്ടുകൾ നോക്കുക. [44]ഈ പുസ്തകത്തിലെ "പൗലൊസെ നിനക്കെങ്ങനെ കഴിഞ്ഞു" എന്ന പാഠത്തിലെ "യെഹൂദമതത്തിന്റെ പ്രത്യേകത" എന്നതിന്റെ നോട്ടുകൾ നോക്കുക. [45]നമ്മുടെ അടുത്ത ചില പാഠങ്ങളിൽ, നാം യെരുശേലമിലെ യെഹൂദന്മാരോടും അവരുടെ അദ്ധ്യക്ഷന്മാരോടും പൗലൊസ് പ്രസംഗിച്ച, അവരുടെ കോപത്തെ ഇളക്കിയ പ്രസംഗങ്ങളെ പഠിക്കും. വ്യക്തമായും, യെരുശലേമിലെ യെഹൂദക്രിസ്ത്യാനികളിൽ നിന്നു അവർ അത്തരം പ്രസംഗം കേട്ടിരുന്നില്ല. [46]1 കൊരിന്ത്യർ 9:20 നോക്കുക. [47]മീറ്റിങ്ങിൽ ആ പുരുഷന്മാർ ഉണ്ടായിരുന്നു എന്നു തോന്നുന്നു, അല്ലെങ്കിൽ ചുരുങ്ങിയതു മൂപ്പന്മാർ ആ "നിർദ്ദേശം" കൊടുത്തപ്പോൾ അവരെ വരുത്തിയിരിക്കാം. [48]ഇവിടെ "ദൈവാലയം" എന്നു പറഞ്ഞതു ദൈവാലയത്തിന്റെ വിശുദ്ധസ്ഥലത്തെയാണ് ഉദ്ദേശിച്ചത്, അല്ലാതെ ജാതികളുടെ പ്രാകാരം അടങ്ങുന്ന ദൈവാലയ സമുച്ചയമല്ല. ദൈവാലയത്തിന്റെ ചിത്രം നോക്കുക. [49]ശുദ്ധീകരണ ചടങ്ങുകൾ ആചരിക്കുന്നതു കാണുവാൻ ലേവ്യാ പുസ്തകം 15:1-30 വീണ്ടും നോക്കുക. [50]ആ ഏഴു - ദിവസങ്ങളുടെ അവസാനം ആസ്യയിൽ നിന്നുള്ള യെഹൂദന്മാർ പൗലൊസിനെ പിടിച്ചതുകൊണ്ട്, ആഴ്ച്ച - വട്ടത്തി - ന്റെ - ഒന്നാം - നാളിലെ കൂടിവരവ് പൗലൊസ് മൂപ്പന്മാരെ കണ്ടതിനും അവനെ പിടിച്ചു തടവിലാക്കുന്നതിനും ഇടക്ക് നടന്നിരിക്കാം. ആ കൂടി വരവിൽ എന്തു സംഭവിച്ചു? അതു ക്ഷുബ്ധമായിരുന്നോ, അല്ലെങ്കിൽ കാര്യ കാരണങ്ങൾ ജയിച്ചോ? നമുക്ക് അറിയാൻ ആഗ്രഹമുണ്ട് - എന്നാൽ, വീണ്ടും, ലൂക്കൊസിന്റെ ഉദ്ദേശം നമ്മുടെ ഉൽകണ്ഠ തൃപ്തമാക്കുക എന്നതല്ല.